# Malayala Manorama
# 29 August 2018
# New Delhi, After Flood, Relief

## പ്രളയക്കെടുതി: സിഎസ്ആർ പ്രകാരം സഹായം എത്തിക്കാം

ന്യൂഡൽഹി • പ്രളയക്കെടുതിയിൽപ്പെട്ട കേരളത്തിനു കോർപറേറ്റ് കമ്പനികൾ നൽകുന്ന സഹായം സാമൂഹിക ഉത്തരവാദിത്ത പദ്ധതിയുടെ (സിഎസ്ആർ) ഭാഗമാകും. ഇതുസംബന്ധിച്ചു കോർപറേറ്റ് മന്ത്രാലയം ഉത്തരവിറക്കി. അഞ്ചു കോടിയിലേറെ അറ്റാദായം നേടുന്ന കമ്പനികൾ ലാഭത്തിന്റെ രണ്ടു ശതമാനം നിർബന്ധമായും സിഎസ്ആർ പദ്ധതികൾക്കു ചെലവിടണമെന്നാണു നിയമം. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു നൽകുന്ന സഹായം മാത്രമാണ് സിഎസ്ആർ പരിധിയിലുള്ളത്. ഭക്ഷ്യധാന്യവും കുടിവെള്ളവും അടക്കം ഏതു സഹായവും സിഎസ്ആർ പരിധിയിൽ വരുമെന്നതാണ് മാറ്റം.ദുരിതാശ്വാസ ഉൽപന്നങ്ങളും ശുചീകരണവും അടക്കം സഹായങ്ങളും കമ്പനി നിയമം അനുസരിച്ചു സിഎസ്ആർ പരിധിയിൽ വരില്ല. കേരളത്തിൽ നടത്തുന്ന സമാശ്വാസ പ്രവർത്തനങ്ങൾ സിഎസ്ആറിന്റെ പരിധിയിൽ വരുമോ എന്ന സംശയം കോർപറേറ്റുകൾ ഉന്നയിച്ചതോടെയാണ് മന്ത്രാലയം വ്യക്തത വരുത്തിയത്.